**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 92** **16-09-2025 - ൽ മറുപടിയ്ക്ക്**

**കുട്ടികളിലെ മൊബൈൽ ഫോൺ, ഇന്റർനെറ്റ് ഉപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മൊബൈൽ ഫോൺ, ഇന്റർനെറ്റ് എന്നിവയുടെ ദുരുപയോഗവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാൽ കഴിഞ്ഞ നാല് വർഷം സംസ്ഥാനത്ത് ആത്മഹത്യ ചെയ്ത കുട്ടികളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) | കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ (2021 മുതൽ 09.09.2025 വരെയുള്ള കാലയളവിൽ) സംസ്ഥാനത്ത് 41 കുട്ടികൾ ആത്മഹത്യ ചെയ്തിട്ടുണ്ട് എന്ന് കണക്കാക്കുന്നു. |
| (ബി) | ഇവയുടെ ദുരുപയോഗം മൂലം ലൈംഗിക ചൂഷണം, ലഹരി കച്ചവടം തുടങ്ങിയ കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ട എത്ര കുട്ടികൾക്കെതിരെ ആഭ്യന്തരവകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | ഇത്തരം കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടുപോയ 30 കുട്ടികളെ കണ്ടെത്തി നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ഇതുവരെ എത്ര ഡിജിറ്റൽ ലഹരി വിമോചന കേന്ദ്രങ്ങൾ സംസ്ഥാനത്ത് തുടങ്ങിയിട്ടുണ്ട്; എവിടെയെല്ലാം; ഇതു വഴി എത്ര കുട്ടികളെ ചികിത്സിച്ച് രക്ഷപ്പെടുത്തി; നിലവിൽ എത്ര കുട്ടികൾക്ക് ചികിത്സ നൽകി വരുന്നു; വിശദാംശം വ്യക്തമാക്കുമോ? | (സി) | ഗുരുതരമായ ഡിജിറ്റൽ അടിമത്തത്തിന് വിധേയരായ കുട്ടികളെ രക്ഷിക്കാൻ സംസ്ഥാനത്ത് തിരുവനന്തപുരം (പേരൂർക്കട), കൊച്ചി സിറ്റി (മട്ടാഞ്ചേരി & കോമ്പാറ), തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിലായി 6 ഡിജിറ്റൽ ലഹരി വിമോചന കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു. നാളിതുവരെ 1189 കുട്ടികളെ ചികിത്സിച്ച രക്ഷപ്പെടുത്തിയിട്ടുണ്ട്. നിലവിൽ 275 കുട്ടികൾക്ക് ചികിത്സ നൽകി വരുന്നുണ്ട് |

സെക്ഷൻ ഓഫീസർ